# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1543

### 2016 ഒക്ടോബർ 4ാം തീയതി മറുപടി നൽകേണ്ടത്

### പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) 2016-17 ബഡ്ജറ്റ് പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | പട്ടാമ്പി മണ്ഡലത്തിൽ 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പട്ടാമ്പി ബൈപ്പാസ് - പട്ടാമ്പി ടൌൺ റെയിൽവേ അണ്ടർപാസേജ് പദ്ധതിക്കായി 10 കോടി രൂപയും പട്ടാമ്പി ചെർപ്പുളശ്ശേരി റോഡിന് 10 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് വഴി പട്ടാമ്പി മണ്ഡലത്തിൽ പട്ടാമ്പിയിൽ റവന്യൂ ടവർ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 10 കോടി രൂപ വകയിരുത്തുമെന്ന് 2016-17 വർഷത്തെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| ബി) പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും, എന്നാൽ ഇതുവരെയായി ആരംഭിക്കാത്തതോ, പൂർത്തിയാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവ ഏതെന്നും, എന്തുകൊണ്ടാണെന്നും വിശദമാക്കാമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിയോജക മണ്ഡലം- ആസ്തി വികസന പദ്ധതിയിൻ കീഴിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിലേക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യഗഡുവായി 25 ലക്ഷം രൂപ 20.07.2016 ലെ സ.ഉ.(സാധാ) നം. 6117/2016/ധന പ്രകാരം ജില്ലാ കളക്ടർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് വഴി പട്ടാമ്പി മണ്ഡലത്തിൽ പട്ടാമ്പിയിൽ റവന്യൂ ടവർ |

| | |
|---|---|
| | നിർമ്മാണത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തേണ്ടതുണ്ട്. അനുയോജ്യമായ ഭൂമി കണ്ടെത്തി ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭൂമി ലഭിച്ചു കഴിഞ്ഞാൽ പദ്ധതി രൂപകൽപന ചെയ്ത് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റിയിൽ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (NRDWP) പ്രകാരം നെല്ലായ, കലുക്കല്ലൂർ കുടിവെള്ള പദ്ധതിയുടെ വിപുലീകരണം വഴി ഇൻടേക്ക് വെൽ, റോ-വാട്ടർ പമ്പിംഗ് മെയിൻ, 6 എം.എൽ.ഡി ജലശുദ്ധീകരണശാല, വിതരണ ശൃംഖല (ഭാഗികമായി) എന്നിവ പണി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം ട്രയൽ റണ്ണിംഗ് നടത്തിയിട്ടില്ല. ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ നെല്ലായ പഞ്ചായത്തിലേയ്ക്കുള്ള ബാക്കി വിതരണശൃംഖല, കലുക്കല്ലൂർ പഞ്ചായത്തിൽ ബാക്കി വരുന്ന പമ്പ്സെറ്റുകൾ എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിലെ ഗ്യാപ്പ് ലിങ്കിംഗ് പ്രവൃത്തി നടപ്പിലാക്കാനുണ്ട്. ഇതിന്റെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. |
| സി) പട്ടാമ്പി മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ, ഇനിയും ആരംഭിക്കാത്തതോ, മുഴുവനാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ? | വിശദവിവരങ്ങൾ അനുബന്ധം 3-ൽ ചേർക്കുന്നു. |

Mayushe

**അക്കൗണ്ട്സ് ഓഫീസർ**

പിരിവ് (എ)

**അനുബന്ധം-1**

പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ.

| ക്രമ നം | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | പട്ടാമ്പി ടൂറിസ്റ്റ് ബംഗ്ലാവിൽ നാല് മുറികളുടെ നിർമ്മാണം |
| 2 | പട്ടാമ്പി വിശ്രമകേന്ദ്രത്തിന്റെ വിപുലീകരണം. |
| 3 | പട്ടാമ്പി ഫയർ സ്റ്റേഷൻ നിർമ്മാണം |
| 4 | പട്ടാമ്പി ഗവ.ഓറിയന്റൽ എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം |
| 5 | പട്ടാമ്പിഎസ്.എൻ.ജി.എസ് സ്കൂളിൽ സയൻസ് ബ്ലോക്ക് നിർമ്മാണം |
| 6 | പട്ടാമ്പി ഗവ.സംസ്കൃത കോളേജിന് സംസ്കൃത ബ്ലോക്കിന്റെ നിർമ്മാണം |
| 7 | പട്ടാമ്പി ഗവ.കോളേജിന് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം |
| 8 | പട്ടാമ്പി ഗവ.കോളേജിന് ടോയ്ലെറ്റ് നിർമ്മാണം |
| 9 | പട്ടാമ്പി ഗവ.കോളേജിൽ ലൈബ്രറി റൂമിന്റെ വിപുലീകരണം |
| 10 | ചിറ്റൂർ ഗവ.എസ്.എൻ.ജി.എസ് കോളേജിൽ ലേഡീസ് ഹോസ്റ്റലിന്റെ നവീകരണം |
| 11 | കൊപ്പം-പെങ്ങാട്ടിരി റോഡ് ബി.എം.&ബി.സി. കൾവർട്ടിന്റെ നിർമ്മാണം |
| 12 | കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് കുമ്പിടി-തൃത്താല-വി.കെ.കടവ് - പട്ടാമ്പി - ചെങ്ങനംകുത്ത്-ഷൊർണ്ണൂർ റോഡ് (പട്ടാമ്പിപാലം ഉൾപ്പെടെ) |
| 13 | വിളയൂർ-കൈപ്പുറം റോഡ് കി.മീ 0/000 - 10/600 ബി.എം.&ബി.സി |
| 14 | വളാഞ്ചേരി-കോപ്പം റോഡ് കി.മീ 5/025 - 13/525 ബി.എം.&ബി.സി |

Manjusha

Accounts Officer

പിരിവ് (ബി)

## അനുബന്ധം-2

പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും ഇതുവരെ ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ പദ്ധതികൾ.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പട്ടാമ്പി വിശ്രമകേന്ദ്രത്തിന്റെ വിപുലീകരണം. | ഫ്ളോറിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 55% പൂർത്തീകരിച്ചു. |
| 2 | പട്ടാമ്പി ഫയർ സ്റ്റേഷൻ നിർമ്മാണം | നിർമ്മാണ സ്ഥലം ഏറ്റെടുത്തിട്ടില്ല. |
| 3 | പട്ടാമ്പി ഗവ.ഓറിയന്റൽ എച്ച്.എസ്.എസ് പെരുമുടിയൂരിൽ കെട്ടിട നിർമ്മാണം | സമ്മതപത്രം അംഗീകരിച്ചു |
| 4 | എസ്.എൻ.ജി.എസ് പട്ടാമ്പിയിൽ സയൻസ് ബ്ലോക്ക് നിർമ്മാണം | പ്രവൃത്തികൾ ആരംഭിച്ചു |
| 5 | പട്ടാമ്പി ഗവ.സംസ്കൃത കോളേജിന് സംസ്കൃത ബ്ലോക്കിന്റെ നിർമ്മാണം | നിർവഹണത്തിനാവശ്യമായ അന്തിമ നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു |
| 6 | പട്ടാമ്പി ഗവ.കോളേജിൽ ലൈബ്രറി റൂമിന്റെ വിപുലീകരണം | ലൈബ്രറി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലായതിനാൽ ആവശ്യമില്ല |
| 7 | കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് കുമ്പിടി-തൃത്താല-വി.കെ.കടവ് - പട്ടാമ്പി – ചെങ്ങനംകുത്ത്-ഷൊർണ്ണൂർ റോഡ് (പട്ടാമ്പിപാലം ഉൾപ്പെടെ) | ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ ചെയ്തു വരുന്നു. |

Maryeeshe
Accounts Officer

## അനുബന്ധം - 3

| ക്രമ നം. | പദ്ധതിയുടെ പേര് | പുരോഗതി / നിലവിലെ അവസ്ഥ |
|---|---|---|
| | **പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും)** | |
| 1 | തൂത്ത പുഴയ്ക്ക് കുറുകെ പാലൊളിക്കുണ്ട് ബ്രിഡ്ജ്, പാലൊളിക്കുണ്ട് & ആന്തൂർക്കടവ് | GO(Rt) No. 1349/2016/PWD dtd. 01.10.2016 പ്രകാരം ടെന്റർ അനുമതി ലഭിച്ചിട്ടുണ്ട്. |
| | **കാർഷിക വികസന കർഷകക്ഷേമ വകുപ്പ്** | |
| 2 | തിരുവേഗപ്പുറ ചെമ്പ്രതോടിന്റെ നവീകരണം | 1,46,44,281/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| | **ജലസേചനവും ഭരണവും** | |
| 3 | ഓങ്ങല്ലൂർ പഞ്ചായത്തിൽ ഭാരതപുഴയ്ക്ക് കുറുകെ ചെങ്ങണാം കുന്നിൽ റെഗുലേറ്റർ നിർമ്മാണം | 55% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| | **കേരള വാട്ടർ അതോറിറ്റി** | |
| 4 | കൊപ്പം വിളയൂർ കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | കിണറിന്റെ പുനരുദ്ധാരണം, റോവാട്ടർ പമ്പിംഗ് മെയിൻ, 10 എം.എൽ.ഡി. ജല ശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും, 32 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയാണ് പദ്ധതി ഘടകങ്ങൾ. പദ്ധതി ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. സ്ഥലം ലഭ്യമായതിനുശേഷം ദർഘാസ് ക്ഷണിക്കുന്നതാണ്. |
| 5 | ഓങ്ങല്ലൂർ - വല്ലപ്പുഴ കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | കിണറിന്റെ പുനരുദ്ധാരണം, റോവാട്ടർ പമ്പിംഗ് മെയിൻ, 10 എം.എൽ.ഡി. ജല ശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും, 10 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയാണ് പദ്ധതി ഘടകങ്ങൾ. പദ്ധതി ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. സ്ഥലം ലഭ്യമായതിനുശേഷം ദർഘാസ് ക്ഷണിക്കുന്നതാണ്. |

Manjusha
Accounts Officer